**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2835 — 20.07.2011 -ൽ മറുപടിയ്ക്ക്

**വനമേഖലയിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനസംരക്ഷണത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) പദ്ധതി ഇനത്തിലും പദ്ധതിയേതര ഇനത്തിലും കേന്ദ്രസർക്കാർ ധനസഹായ പദ്ധതികളിലും പെടുത്തി വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി വിവിധ സ്കീമുകളിലൂടെ വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ കെട്ടിയും, കയ്യാല സ്ഥാപിച്ചും, നിരന്തര പട്രോളിംഗ് നടത്തിയും വനം സംരക്ഷിക്കുവാനും കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് വനസംരക്ഷണം കാര്യക്ഷമമായി നടപ്പിലാക്കുവാനും വനസംരക്ഷണ ജീവനക്കാർക്ക് ആധുനിക വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ നല്കുവാനും, പൊതുജന പങ്കാളിത്തത്തോടെയുള്ള വനപരിപാലനം ഉൾപ്പെടെയുള്ള പദ്ധതികൾ വർഷംതോറും നടപ്പിലാക്കി വരുന്നുണ്ട്. അവയിലൂടെ വനസംരക്ഷണം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതികൾ എല്ലാംതന്നെ തുടർന്നും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത സമിതികളുടെ | (ബി) പങ്കാളിത്ത വനപരിപാലനം നടപ്പിലാക്കുന്നത് |

പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ തുടങ്ങിയവ മുഖേനയാണ്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടുവരുന്നു;-

1. വി.എസ്.എസ്/ഇ.ഡി.സികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിക്കുന്നതിന് സമയബന്ധിത നടപടികളെടുത്തുവരുന്നു.
2. സമിതി അംഗങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും ആവശ്യമായ പരിശീലനങ്ങൾ നടത്തി വരുന്നു.
3. വനസംരക്ഷണ സമിതികളുടെ പ്രവർത്തനങ്ങളെപ്പോലെ ഇക്കോ ഡെവലപ്പമെന്റ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി നടപടികളെടുത്തു വരുന്നു.
4. പ്രവർത്തനം കാര്യക്ഷമമല്ലാത്ത സമിതികളെ ശക്തിപ്പെടുത്താൻ പ്രത്യേകം നടപടികൾ ആവിഷ്കരിക്കുന്നുണ്ട്.
5. റെയിഞ്ച്, ഡിവിഷൻ, സർക്കിൾ, മേഖല, സംസ്ഥാന തലങ്ങളിൽ സമിതികളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തി വരുന്നു.

(സി) വനമേഖലയിൽഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ?

(സി) വനമേഖലയിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി നാഷണൽ മെഡിസിനൽ പ്ളാന്റ്സ് ബോർഡിന്റെ ധനസഹായത്തോടെ 2008-2009 മുതൽ രണ്ട് പ്രോജക്ടുകളിലായി 554.80 ലക്ഷം രൂപ ചിലവഴിച്ച് 700 ഹെക്ടർ വിസ്തൃതിയിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ